26 (550) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസിൽ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറത്തെ കേരള സ്റ്റേറ്റ് ഡിറ്റർജൻറ് ആന്റ് കെമിക്കൽസിൽ എത്ര ടൺ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) എന്തെല്ലാം ഉൽപ്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നത്;

(സി) ഇതിന് എന്ത് വിലവരും;

(ഡി) ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കുറ്റിപ്പുറത്തെ കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസിൽ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) വിറ്റഴിക്കാൻ ബാക്കിയുള്ള ഉൽപ്പന്നങ്ങൾ 21-6-2000 ത്തിനകം വിറ്റഴിക്കാൻ കമ്പനി നടപടി സ്വീകരിച്ചിട്ടുണ്ട്..

27 (551) വ്യവസായ ഗ്രോത്ത് സെന്ററിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം വ്യവസായ ഗ്രോത്ത് സെന്ററിനുവേണ്ടി 115 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൽ എത്ര ഹെക്ടർ സ്ഥലത്തിന്റെ വില നിർണ്ണയം പൂർത്തീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ബി) വിലനിർണ്ണയം പൂർത്തിയാക്കിയ സ്ഥലത്തിന്റെ നിർണ്ണയിക്കപ്പെട്ട വിലയുടെ 80 ശതമാനം തുകയെങ്കിലും സ്ഥലം ഉടമയ്ക്ക് അഡ്വാൻസായി കൊടുക്കണമെന്ന വ്യവസ്ഥയനുസരിച്ച് എത്ര സ്ഥല ഉടമകൾക്ക് അഡ്വാൻസ് കൊടുത്തു എന്ന് വ്യക്തമാക്കുമോ; അഡ്വാൻസ് കൊടുത്തില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ഏറ്റെടുക്കുമെന്ന വിജ്ഞാപനത്തിലൂടെ അറിയിച്ച സ്ഥലത്ത് 205-ഓളം കെട്ടിടങ്ങളിൽ എത്ര കെട്ടിടങ്ങളുടെ വില പി.ഡബ്ല്യു.ഡി. നിർണ്ണയിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെട്ടിടങ്ങളുടെ വില നിർണ്ണയകാര്യത്തിൽ പി.ഡബ്ല്യു.ഡി. കുറ്റകരമായ അനാസ്ഥ കാണിക്കുന്നു എന്ന ആക്ഷേപം ശരിയാണോ;

(ഇ) ചട്ടപ്രകാരമുള്ള കാലാവധിക്കകം സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചില്ലെങ്കിൽ വിജ്ഞാപനം അസാധുവാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരം സംഭവിച്ചാൽ സാധുത ലഭിക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly